# പതിനാലാം കേരള നിയമസഭ

## പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.742 — 04.03.2020 -ൽ മറുപടിയ്ക്ക്

## കാട്ടുതീ നേരിടുവാൻ സംവിധാനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.സി. ജോസഫ്<br>ശ്രീമതി. ഷാനിമോൾ ഉസ്മാൻ<br>ശ്രീ. വി. ഡി. സതീശൻ<br>ശ്രീ. പി. ടി. തോമസ് : | അഡ്വ.കെ.രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് വരൾച്ച രൂക്ഷമായതോടുകൂടി കാട്ടുതീ ഉണ്ടാകാനുള്ള സാധ്യത കൂടിയ സാഹചര്യത്തിൽ അത് നേരിടുവാൻ വനം വകുപ്പ് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം എന്താണെന്ന് വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്ത് വരൾച്ച കൂടിയ സാഹചര്യത്തിൽ കാട്ടുതീ ഉണ്ടാകാനുള്ള സാധ്യത കണക്കിലെടുത്ത് ആവശ്യമായ സംവിധാനങ്ങൾ വനം വകുപ്പ് ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി റെയിഞ്ച് തലം മുതൽ സർക്കിൾ തലം വരെ വിവിധ തലങ്ങളിൽ നടപ്പാക്കേണ്ടുന്ന കാര്യങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള സംസ്ഥാനതല ഫയർ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കി അതനുസരിച്ചുള്ള പരിപാടികൾ വനം വകുപ്പ് നടപ്പിലാക്കി വരുന്നു. ഇതനുസരിച്ച് ഫയർലൈൻ തെളിക്കൽ, ഫയർ വാച്ചർമാരെ നിയോഗിക്കൽ, കൺട്രോൾ ബേണിംഗ് നടത്തൽ തുടങ്ങിയ കാര്യങ്ങൾ ചെയ്തു വരുന്നു. ആവശ്യമായ ഇടങ്ങളിൽ ഫയർ വാച്ചർമാരെ നിയോഗിച്ച് തുടർച്ചയായി കാട്ടുതീ നിരീക്ഷണവും ചെയ്തു വരുന്നു. അതുപോലെ സാധാരണഗതിയിൽ കാട്ടുതീ ഉണ്ടാകാൻ സാധ്യതയുള്ള സ്ഥലങ്ങളെ High, Moderate, Low എന്നിങ്ങനെ തരം തിരിച്ച് അതനുസരിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. കാട്ടുതീ ഫലപ്രദമായി നേരിടുന്നതിന് ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികളും വനം വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ഉൾവനങ്ങളിൽ ഫലപ്രദമായി കാട്ടുതീ അണക്കുന്നതിനായി രണ്ട് മിനി റെസ്പോണ്ടർ ഫയർ ഫൈറ്റിംഗ് വാഹനങ്ങളും പരീക്ഷണാടിസ്ഥാനത്തിൽ വാങ്ങിയിട്ടുണ്ട്. ഇത് വിജയപ്രദമാകുന്ന മുറയ്ക്ക് |

| | | | |
|---|---|---|---|
| | | | കൂടുതൽ ഇത്തരത്തിലുള്ള വാഹനങ്ങൾ വാങ്ങാൻ വനം വകുപ്പ് ആലോചിക്കുന്നുണ്ട്. |
| (ബി) | സംസ്ഥാനത്ത് കഴിഞ്ഞ രണ്ട് വർഷം കാട്ടുതീ മൂലം എത്ര ഏക്കർ വനമാണ് കത്തി നശിച്ചത്; ഇതിലൂടെ ഉണ്ടായ നഷ്ടം എത്രയാണ്; | (ബി) | സംസ്ഥാനത്ത് 2017 – 18 വർഷത്തിൽ 3160.41 ഏക്കറിലും, 2018 – 19 വർഷത്തിൽ 4472.50 ഏക്കറിലും കാട്ടുതീ ഉണ്ടായിട്ടുണ്ട്. ഇതിലൂടെ 1,10,650/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുള്ളതായി കണക്കാക്കുന്നു. |
| (സി) | വന്യജീവികളെയും വനസമ്പത്തിനെയും നശിപ്പിക്കുന്ന കാട്ടുതീക്ക് കാരണമാകുന്നത് സാമൂഹ്യ വിരുദ്ധരുടെ ഇടപെടൽ ആണെന്ന് കണ്ടെത്തിയിട്ടുണ്ടോ; | (സി) | വന സന്ദർശനത്തിനും മറ്റുമായി എത്തുന്നവരുടെ അശ്രദ്ധ മൂലവും, സാമൂഹ്യവിരുദ്ധരുടെ പ്രവർത്തികൾ മൂലവും കാട്ടുതീ ഉണ്ടാകാറുണ്ട്. |
| (ഡി) | എങ്കിൽ വനത്തിനുള്ളിൽ ഇത്തരക്കാരെ നിയന്ത്രിക്കുവാൻ പ്രത്യേക ശ്രദ്ധ പതിപ്പിക്കുമോ? | (ഡി) | വനത്തിനുള്ളിൽ എത്തുന്ന സഞ്ചാരികളെ നിയന്ത്രിക്കുന്നതിനും മറ്റ് സാമൂഹ്യവിരുദ്ധർ വന വിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടാതിരിക്കുന്നതിനും ആവശ്യമായ ഇടപെടലുകൾ വനം വകുപ്പ് നടത്താറുണ്ട്. സ്ഥിര ജീവനക്കാരെയും, താൽക്കാലിക ജീവനക്കാരെയും വന നിരീക്ഷണത്തിനും മറ്റ് മുൻകരുതലുകൾക്കും വനം വകുപ്പ് ആവശ്യമായ ഇടങ്ങളിൽ നിയോഗിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ